# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ *234

18/02/2016-ൽ മറുപടിക്ക്

## ഔഷധ വില

ചോദ്യം

ശ്രീ.മുല്ലക്കര രത്നാകരൻ
ശ്രീ. വി.എസ്.സുനിൽ കുമാർ
ശ്രീമതി.ഗീതാ ഗോപി
ശ്രീ.ചിറ്റയം ഗോപകുമാർ

മറുപടി

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പുമന്ത്രി)

| | | |
|---|---|---|
| എ) ഔഷധ വില നിയന്ത്രിക്കുന്നതിന് സംവിധാനങ്ങൾ നിലവിലുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | എ) | നമ്മുടെ രാജ്യത്ത് മരുന്നുകളുടെ വില നിയന്ത്രിക്കുന്നതും നിശ്ചയിച്ചുറപ്പിക്കുന്നതും കേന്ദ്ര സർക്കാരാണ്. ഇത് കെമിക്കൽസ് & ഫെർട്ടിലൈസേഴ്സ് വകുപ്പിന് കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ ആന്റ് പ്രൈസിംഗ് അതോറിറ്റി വഴിയാണ് നടപ്പിലാക്കുന്നത്.<br><br>കേന്ദ്ര ആക്ടായ എസൻഷ്യൽ കമോഡിറ്റീസ് ആക്ടിന്റെ കീഴിലുള്ളഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ (DPCO)വഴിയാണ് NPPA വില നിയന്ത്രണം നടപ്പാക്കുന്നത്.നില വിലുണ്ടായിരുന്ന DPCO 1995 പ്രകാരം 76 ഇനം മരുന്നുകളുടേയും അവയുടെ വിവിധ കോംപിനേഷനുകളുടെയും വില മാത്രമാണ് നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയ്ക്ക് മുൻപ് നിശ്ചയിച്ചുറപ്പിക്കുവാൻ കഴിഞ്ഞിരുന്നത്. എന്നാൽ നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് പോളിസി 2012 ന്റെ ഭാഗമായി നാഷണൽ ലിസ്റ്റ് ഓഫ് എസൻഷ്യൽ മെഡിസിൻ (NLEM 2011) ൽ ഉൾപ്പെട്ടിട്ടുള്ള 348 ഇനം മരുന്നുകളുടെയും അവയുടെ വിവിധ ഫോർമുലേഷനുകളുടെയും വില നിശ്ചയിച്ചുറപ്പിക്കുവാൻ തീരുമാനിക്കുകയും, അതിൻ പ്രകാരം NPPA വിവിധ ഗസറ്റ് വിജ്ഞാപനം വഴി നാളിതുവരെ 530 മരുന്നു ഫോർമുലേഷനുകളുടെ വില നിയന്ത്രണം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. NPPA നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലയിൽ തന്നെയാണോ നിർമ്മാതാക്കൾ മരുന്ന് നിർമ്മിച്ച് വിതരണം നടത്തുന്നതെന്ന് വകുപ്പ് പരിശോധനകളിലൂടെ നിരന്തരം ഉറപ്പ് വരുത്തുന്നുണ്ട്. മരുന്നുകളുടെ നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലയേക്കാൾ കൂടുതൽ വിലയ്ക്ക് നിർമ്മിച്ച് വിതരണം ചെയ്യുന്ന മരുന്നുകളുടെയും നിർമ്മാതാക്കളുടെയും വിശദാംശങ്ങൾ അനന്തര നടപടികൾക്കായി NPPA യെ അറിയിക്കുന്നുണ്ട്. |

| | | |
|---|---|---|
| | | കൂടാതെ DPCO പ്രകാരം NLEM പട്ടികയിൽപ്പെടാത്ത മരുന്നുകളുടെ എം.ആർ.പി, ഒരു വർഷത്തിൽ 10% ൽ കൂടുതൽ വർദ്ധനവ് വരുത്തുവാൻ പാടില്ല. ഇപ്രകാരം അധികമായി വില വർദ്ധനവ് നടത്തുന്നവർക്ക് എതിരെയും എൻ.പി.പി.എ നടപടി സ്വീകരിച്ചു വരുന്നുണ്ട്. അനുവദനീയമായിട്ടുള്ള പരമാവധി വിലയേക്കാൾ കൂടുതൽ വിലയ്ക്ക് മരുന്നുകൾ വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമം ലംഘിക്കുന്നവർക്കെതിരെ ഡ്രഗ്സ് പ്രൈസ് കൺട്രോൾ നിയമം വഴി നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. മരുന്നുകളുടെ വില നിയന്ത്രണത്തിൽ നമ്മുടെ സംസ്ഥാന സർക്കാരിന് അധികാരം ഒന്നും തന്നെയില്ല. അമിത ചികിത്സാ ചെലവുകൾക്ക് ആശ്വാസമേകുന്നതിലേക്കായി സർക്കാരിന്റെ കാരുണ്യ, കമ്യൂണിറ്റി ഫാർമസി, നീതി, മാവേലി, മെഡിക്കൽ ഷോപ്പുകൾ വഴി മരുന്നുകളുടെ വില വളരെ കുറച്ച്, പാവപ്പെട്ട രോഗികൾക്ക് കൊടുക്കുവാനുള്ള സൗകര്യം ചെയ്തു വരുന്നു. |
| ബി) മരുന്ന് വിപണിയിൽ ഫലപ്രദമായി ഇടപെടാൻ കഴിയുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) രോഗികൾക്ക് മരുന്നുകളുടെ ജനറിക് നെയിം എഴുതിയ കുറിപ്പുകൾ മാത്രമെ നൽകാവൂ എന്ന നിബന്ധന പാലിക്കപ്പെടുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; | സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) ജീവിതശൈലീ രോഗങ്ങളുടെയും പാരമ്പര്യ രോഗങ്ങൾ ഉൾപ്പെടെയുള്ള രോഗങ്ങളുടെയും മരുന്നുവില | ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>ജീവിത ശൈലീരോഗങ്ങളുടെയും പാരമ്പര്യ രോഗങ്ങൾ ഉൾപ്പെടെയുള്ള രോഗങ്ങളുടെയും മരുന്നുകളുടെ വില നിയന്ത്രിക്കുന്നതും നിശ്ചയിച്ചുറപ്പിക്കുന്നതും കേന്ദ്ര സർക്കാരിന് കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റിയാണ്. വില നിയന്ത്ര |

| | | |
|---|---|---|
| അസഹനീയമാംവിധം വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ? | | ണമില്ലാത്ത മരുന്നുകളുടെ പരമാവധി വില (എം.ആർ.പി) പ്രതി വർഷം 10% ൽ കൂടുതൽ വർദ്ധനവ് പാടില്ല എന്നുള്ളതാണ്. ക്യാൻസർ, കിഡ്നി രോഗങ്ങൾ, ഹൃദ്രോഗം എന്നിവ വളരെയധികം വർദ്ധിച്ചുവരുന്ന ഇക്കാലത്ത് ടി മരുന്നുകളുടെ വില നിയന്ത്രണവും അത്യന്താപേക്ഷിതമാണ്. ഇറക്കുമതി ചെയ്യുന്ന മരുന്നുകൾക്കായി കംപൽസറി ലൈസൻസിംഗ് സമ്പ്രദായം നിലവിൽ ഉള്ളതിനാൽ ഇത്തരം അമിതവില ഈടാക്കുന്ന അവശ്യമരുന്നുകൾ സാധാരണ ജനങ്ങൾക്ക് പ്രാപ്യമാക്കാൻ കഴിയുമെന്നത് ഒരു വലിയ കാര്യമാണ്. ഇത്തരം സംരംഭങ്ങൾ എല്ലാം തന്നെ സാധാരണക്കാർക്ക് ചികിത്സാ സൗകര്യത്തിന് ഉതകുമെന്നുള്ളത് തീർത്തും വസ്തുതാപരമാണ്. |

സെക്ഷൻ ഓഫീസർ